# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ സബ്സിഡി</u>

2878

ശ്രീ. ജെയിംസ് മാത്യു
,, കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസബ്സിഡിയോടുള്ള ഈ സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഭക്ഷ്യവസ്തുക്കൾക്ക് എന്തുമാത്രം സബ്സിഡി നൽകേണ്ടുന്ന സാഹചര്യമാണ് ഇപ്പോൾ സംസ്ഥാനത്ത് നിലനില്ക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യവസ്തുക്കളുടെ നിലവിലുള്ള സബ്സിഡി എത്രയാണെന്നും അവ എത്രയായി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്താമോ;

(ഡി) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനോ സബ്സിഡിയോടുകൂടിയ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാനോ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ധാന്യവില വര്‍ദ്ധന</u>

2879 ശ്രീ.ഇ. പി. ജയരാജന്‍
,, പി. കെ. ഗുരുദാസന്‍
,, കെ.സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയിലെ ധാന്യവില വര്‍ദ്ധന കുറക്കുന്നതിനായി കേന്ദ്രം അധികമായി അനുവദിച്ച അരിയും ഗോതമ്പും സംസ്ഥാനത്തെ മിക്ക കാര്‍ഡുടമകള്‍ക്കും ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേക അലോട്ട്മെന്റ് പ്രകാരം ലഭിച്ച ധാന്യങ്ങള്‍ ഏതെല്ലാം വിഭാഗത്തില്‍പ്പെടുന്ന കാര്‍ഡുടമകള്‍ക്കാണ് വിതരണം ചെയ്യേണ്ടിയിരുന്നതെന്നും അര്‍ഹതപ്പെട്ട കാര്‍ഡുടമകള്‍ക്ക് ധാന്യങ്ങള്‍ ലഭിക്കാതെ പോയതിനു കാരണവും വെളുപ്പെടുത്താമോ;

(സി) കേന്ദ്രം അധികമായി അനുവദിച്ച അരിയുടേയും ഗോതമ്പിന്റെയും അളവ് എത്രയായിരുന്നുവെന്നും ആയത് എന്തു വിലയ്ക്കാണ് റേഷന്‍ കടകള്‍ വഴി വിറ്റഴിക്കേണ്ടിയിരുന്നതെന്നും വിശദമാക്കാമോ;

(ഡി) അരി നിശ്ചയിക്കപ്പെട്ട വിലയേക്കാള്‍ കൂടിയ വിലയ്ക്കാണ് മിക്ക റേഷന്‍ കടകളിലും വിറ്റഴിച്ചതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; ഇതിന്റെ പേരില്‍ ഏതെങ്കിലും റേഷന്‍കടകളുടെ പേരില്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അധികമായി അനുവദിച്ച ധാന്യങ്ങളില്‍ സിംഹഭാഗവും റേഷന്‍കടകള്‍ വഴി വിതരണം ചെയ്യാതെ കരിഞ്ചന്തയില്‍ മറിച്ചുവിറ്റതായി പരാതിയുയര്‍ന്നിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിന്മേല്‍ സ്വീകരിച്ച നടപടി എന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>'ഗ്ലോബൽ പൊസിഷനിംഗ്,' വെഹിക്കിൾ ട്രാക്കിംഗ് എന്നീ പദ്ധതികൾ</u>

2880 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ പൊതുവിപണിയിലേക്ക് കടത്തുന്നത് തടയാൻ 2012-13 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളായ 'ഗ്ലോബൽ പൊഷിഷനിംഗ്'', വെഹിക്കിൾ ട്രാക്കിംഗ് എന്നിവ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി വഴി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) എത്ര രൂപയാണ് ഇതിനായി ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര രൂപാ ചിലവഴിച്ചു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഇ-പി.ഡി.എസ് പദ്ധതി</u>

2881 ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-പി.ഡി.എസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ സംവിധാനം</u>

2882 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ ലഭ്യത ഉപഭോക്താവിന് മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാകും എന്നാണ് കരുതുന്നത്;

(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താവിന് ലഭിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) വിവരങ്ങൾ കൃത്യമായി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അരിവിതരണം ശക്തമാക്കാൻ കർമ്മപരിപാടി</u>

2883

ശ്രീ. പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവിതരണം ശക്തമാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പൊതുവിപണിയിൽ ഇടപെടുന്ന പ്രത്യേക കേന്ദ്ര പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് ഇതിന് നൽകുന്നത്;

(ഡി) എന്തെല്ലാം സാധനങ്ങളാണ് ഈ പദ്ധതി പ്രകാരം വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

അരിയും ഗോതമ്പും കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതായ പരാതി

2884 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ഹംസ
,, സാജു പോൾ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വിലകയറ്റം നിയന്ത്രിക്കുന്നതിന് കേന്ദ്രം അധികമായി അനുവദിച്ച അരിയും ഗോതമ്പും കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; കേന്ദ്രം അനുവദിച്ച അരി ഏതെല്ലാം വിഭാഗങ്ങൾക്ക് നൽകുന്നതിനായിരുന്നു ;

(സി) സംസ്ഥാനത്ത് റേഷൻ ഭക്ഷ്യധാന്യം മറിച്ച് വിൽക്കുന്നതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) ബി. പി. എൽ. കുടുംബങ്ങൾക്ക് അധികമായി വിതരണം ചെയ്യുന്ന അരിയുടെയും ഗോതമ്പിന്റെയും അളവും വിലയും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

അരി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കാൻ നടപടി

2885 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയവയ്ക്ക് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്;

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് 2 മാവേലി സ്റ്റോറുകൾ വീതമെങ്കിലും തുടങ്ങുന്നതിനും ഈ മാവേലിസ്റ്റോറുകളിൽ യഥേഷ്ടം സാധനങ്ങൾ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി</u>

2886 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എത്രമാത്രം ഫലം കണ്ടു എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി നടത്തുന്ന റെയ്ഡുകൾ ഫലവത്താകുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പാമോയിലിനും വെളിച്ചെണ്ണയ്ക്കും സബ്സിഡി</u>

T. 2887 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണയ്ക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പാമോയിലിന് എത്ര രൂപയാണ് സബ്സിഡി നൽകുന്നത്;

(സി) സബ്സിഡി നൽകുന്ന കാര്യത്തിൽ പാമോയിലിനും വെളിച്ചെണ്ണക്കും ഒരേ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

റേഷൻകട വഴി വിതരണം ചെയ്യുന്ന അരി

2888 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകട വഴി വിവിധ തരം അരി എന്ത് വിലയ്ക്കാണ് എ. പി. എൽ, ബി. പി. എൽ വിഭാഗങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എ. പി. എൽ, ബി. പി. എൽ വ്യത്യാസമില്ലാതെ 20 രൂപ 50 പൈസയ്ക്ക് റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്ന അരി വിതരണം നിറുത്തി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 20 രൂപ 50 പൈസയ്ക്ക് ഉപഭോക്താവിന് ലഭിക്കുന്ന അരി, സർക്കാർ കൂടിയ വിലയ്ക്ക് വിൽക്കാൻ അനുവദിച്ചിട്ടുള്ള അരി തന്നെയാണ് എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്ക് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അരി വിതരണം</u>

2889 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ കുറഞ്ഞ നിരക്കിലുള്ള പച്ചരി ഉൾപ്പെടെയുള്ള അരിക്ക് കൂടിയ നിരക്ക് ഈടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അരി മറിച്ചു വില്പനയിൽ റേഷൻ കടകളിലൂടെ കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് നടന്നതായുള്ള ആരോപണത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നിരക്കിൽ ഏതെല്ലാം ഇനം അരി എത്ര കിലോഗ്രാം വീതം എ.പി.എൽ, ബി.പി.എൽ, എ.എ.വൈ വിഭാഗങ്ങൾക്ക് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) അർഹതപ്പെട്ട കുറഞ്ഞ നിരക്കിലുള്ള അരി ഉപഭോക്താക്കൾക്ക് കൃത്യ അളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>വ്യത്യസ്ത സ്കീമുകളിലുള്ള കാർഡുടമകൾ</u>

2890 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ ഒരു രൂപ നിരക്കിൽ അരിക്ക് അർഹതയുള്ള റേഷൻ കാർഡുടമകൾ എത്രയാണ്; പ്രതിമാസം എത്ര കി.ഗ്രാം അരി വീതം പ്രസ്തുത സ്കീമിൽ നൽകാൻ തീരുമാനിച്ചിരുന്നു; എന്നു മുതലാണ് പ്രസ്തുത സ്കീം നടപ്പിലാക്കിയത്;

(ബി) പ്രസ്തുത സ്കീം നടപ്പിൽ വരുത്തിയതിനു ശേഷം 2013 ഫെബ്രുവരി 28 വരെ എത്ര കിലോഗ്രാം അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുകയുണ്ടായി; ആയതിലേക്ക് പ്രസ്തുത കാലയളവിൽ ചെലവായ തുക എത്ര;

(സി) രണ്ട് രൂപ നിരക്കിൽ 35 കി. ഗ്രാം അരി നൽകാനുള്ള പദ്ധതി എന്നു മുതലായിരുന്നു പ്രാബല്യത്തിൽ വന്നിരുന്നത്; പ്രസ്തുത സ്കീം അനുസരിച്ച് അന്നു കണക്കാക്കപ്പെട്ട അർഹരായ കാർഡുടമകൾ എത്രയായിരുന്നു;

(ഡി) മേല്പറഞ്ഞ രണ്ട് സ്കീമിലും നിലവിൽ എത്ര വീതം കാർഡ് ഉടമകൾ ഉണ്ട്; അല്ലാത്തവർ മൊത്തം എത്ര;

(ഇ) പ്രസ്തുത രണ്ട് സ്കീമിലും അർഹതപ്പെട്ടവർക്കെല്ലാം നിശ്ചിത അളവുകളിൽ അരി ലഭ്യമാക്കുന്നതിന് ഈ വർഷം മൊത്തം എന്ത് തുക ആവശ്യമാണ്; ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>രണ്ടുരൂപാ നിരക്കിൽ അരി വിതരണം</u>

2891 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടു രൂപാ നിരക്കിൽ 2013 ജനുവരി മുതൽ എത്ര ടൺ അരിയാണ് വിതരണം ചെയ്തത്;

(ബി) രണ്ടു രൂപാ നിരക്കിൽ എത്ര കാർഡുടമകൾക്കാണ് ഇപ്പോൾ അരി വിതരണം ചെയ്യുന്നത്; കാർഡ് ഒന്നിന് എത്ര കിലോഗ്രാം അരിയാണ് വിതരണം ചെയ്യുന്നത് ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഒരു രൂപ നിരക്കിൽ റേഷനരി

T. 2892 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ട് പെൻഷൻകാർക്ക് 1 രൂപ നിരക്കിൽ റേഷൻ അരി നൽകണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുച്ഛ വരുമാനക്കാരായ പ്രോവിഡന്റ് ഫണ്ട് പെൻഷൻകാർക്ക് റേഷനരി ഒരു രൂപ നിരക്കിൽ നൽകാൻ ഉത്തരവ് നൽകുമോ;

(സി) ഈ വിഭാഗത്തെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ബി. പി. എൽ. കുടുംബങ്ങൾക്ക് മുഴുവൻ ബി. പി. എൽ. കാർഡ് നൽകാൻ നടപടി</u>

2893 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലക്ഷം ബി. പി. എൽ റേഷൻ കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളത്;

(ബി) 2009 ലെ ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എത്ര ലക്ഷം കുടുംബങ്ങൾക്കാണ് ബി. പി. എൽ കാർഡ് ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) 2009 ലെ ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ബി. പി. എൽ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

എ. പി. എൽ കാർഡ് ബി. പി. എൽ കാർഡ് ആക്കി മാറ്റാൻ നടപടി

2894 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ വിഭാഗത്തിൽ ഉൾപ്പെടേണ്ട റേഷൻ കാർഡുടമകൾ തെറ്റായ നടപടിക്രമങ്ങൾ മൂലം എ. പി. എൽ വിഭാഗത്തിൽ വന്നത് തിരിയെ ബി. പി. എൽ കാർഡ് ആയി മാറ്റിക്കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ;

(ബി) മുഖ്യമന്ത്രിയുടെ സുതാര്യകേരളം പദ്ധതിയിൽ ബി. പി. എൽ റേഷൻ കാർഡ് ലഭിയ്ക്കുവാൻ അപേക്ഷ നൽകുന്ന എ. പി. എൽ കാർഡുടമകൾക്ക് ഏതു മാനദണ്ഡം സ്വീകരിച്ചാണ് ബി. പി. എൽ കാർഡാക്കി നൽകുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി

2895 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയ 5.11.2011-ലെ ഉത്തരവ് പ്രകാരം എത്ര പേർക്ക് ഈ ഇനത്തിൽ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

'ജനകീയ വിജിലൻസ്' കമ്മിറ്റികൾ

2896 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ രംഗത്ത് 'ജനകീയ വിജിലൻസ് കമ്മിറ്റികൾ' പ്രവർത്തിക്കുന്നുണ്ടോ;

(ബി) 'ജനകീയ വിജിലൻസ് കമ്മിറ്റി'കൾ രൂപീകരിച്ചത് എന്നാണ്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ</u>

2897 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വിജിലൻസ് അന്വേഷണങ്ങൾ എത്ര;

(ബി) അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഇന്റർമീഡിയറ്റ് ഗോഡൗണുകൾ</u>

2898 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർമീഡിയറ്റ് ഗോഡൗണുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യശേഖരണത്തിനും വിതരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം കാര്യങ്ങൾ പദ്ധതി നടത്തിപ്പിനായി ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത്?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>എഫ്. സി. ഐ. അനുവദിച്ച അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം</u>

2899

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഫ്. സി. ഐ. യിൽ നിന്ന് കഴിഞ്ഞ മൂന്ന് മാസങ്ങളിൽ കേരളത്തിന് അനുവദിച്ച എ. പി. എൽ., ബി. പി. എൽ. വിഭാഗത്തിന്റെ അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം എത്രയാണ് ;

(ബി) ഇതിൽ ഏറ്റെടുത്തത് എത്രയെന്നും വിതരണം ചെയ്തത് എത്രയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും അരി വിതരണം ഊർജ്ജിതമാക്കാൻ നടപടി</u>

2900 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എഫ്.സി.ഐ ഗോഡൗണിൽ അരി കെട്ടി കിടക്കുന്നതായുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും അരി നീക്കം മന്ദഗതിയിലാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ആലപ്പുഴയിലെ എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും അരി വിതരണം ഊർജ്ജിതപ്പെടുത്തി റേഷനിംഗ് സംവിധാനം കുറ്റമറ്റതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രണം</u>

2901 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഭക്ഷണശാലകളിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

രണ്ടാം ഘട്ട നെല്ല് സംഭരണം

2902 ശ്രീ. എം. ചന്ദ്രൻ
,, സി. കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ രണ്ടാം ഘട്ട നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ ; ഇതിന് സപ്ലൈകോ നിശ്ചയിച്ചിരിക്കുന്ന വില സ്വകാര്യ മില്ലുകൾ നല്കുന്നതിനേക്കാൾ കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭരണ സമയത്ത് കുറഞ്ഞവില നിശ്ചയിക്കുക വഴി സംഭരണം അട്ടിമറിക്കപ്പെടാനും കർഷകർക്ക് മതിയായ പ്രതിഫലം കിട്ടാതെ വരികയും ചെയ്യും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യഥാസമയം സംഭരണവില നിശ്ചയിക്കാത്തത് നെല്ല് സംഭരണത്തെ ബാധിക്കുമെന്നും അതു വഴി അരി വിലയിൽ വർദ്ധനവുണ്ടാകുമെന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ മില്ലുടമകൾക്ക് ഗുണം ചെയ്യുന്ന ഈ രീതി അവസാനിപ്പിച്ച് ഉചിതമായ വില നൽകി നെല്ല് സംഭരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ നെല്ലു സംഭരണം</u>

2903 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽനിന്നുള്ള നെല്ല് ഭൂരിഭാഗവും സ്വകാര്യമില്ലുടമകൾ വാങ്ങിക്കൂട്ടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയതുമൂലം സപ്ലൈകോയുടെ നെല്ലുസംഭരണം ജില്ലയിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് എത്ര ടണ്ണിന്റെ കുറവാണ് വന്നിട്ടുള്ളത്;

(സി) സ്വകാര്യമില്ലുടമകൾ കിലോക്ക് 21 രൂപ നിരക്കിൽ കർഷകരിൽനിന്നും നേരിട്ട് നെല്ലു വാങ്ങുന്നതുകൊണ്ടാണ് സപ്ലൈകോക്കു നെല്ലു ലഭിക്കാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു കണക്കിലെടുത്ത് നെല്ലിന്റെ സംഭരണവില 17 രൂപയിൽ നിന്നും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഗ്യാസ് സിലിണ്ടറുകൾ യഥാസമയം വീടുകളിൽ എത്തിക്കുന്നതിന് നടപടി

2904 ശ്രീ.എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് സിലിണ്ടറുകൾ തലസ്ഥാന ജില്ലയുടെ പലഭാഗങ്ങളിലും ഒന്നിച്ച് ചങ്ങലയിൽ ബന്ധിച്ച് റോഡരികിൽ വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോം ഡെലിവറിയും ബില്ലും ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് യഥാസമയം റീഫിൽ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഏജൻസികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പരാതിപ്പെടുന്ന ഉപഭോക്താക്കളെ ഏജൻസിതന്നെ മാറാൻ നിർദേശിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പീഡിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റീഫിൽ ബുക്ക്ചെയ്താൽ യഥാസമയം വീടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) റീഫിൽ യഥാസമയം നൽകാത്ത ഏജൻസികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്ക് സപ്ലൈ ഓഫീസു വഴി വിതരണം ചെയ്ത ഉല്പന്നങ്ങൾ</u>

2905 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക് സപ്ലൈ ഓഫീസ് വഴി 2013 ജനുവരി ഒന്നു മുതൽ 2013 മാർച്ച് 20 വരെ എന്തൊക്കെ ഉൽപ്പന്നങ്ങൾ ഏതൊക്കെ അളവിലാണ് വിതരണം ചെയ്യേണ്ടിയിരുന്നതെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ വിതരണം ചെയ്ത ഉൽപന്നങ്ങളുടെ അളവ് പ്രത്യേകം വിശദമാക്കാമോ;

(സി) താലൂക്കിൽ എത്ര റീട്ടയിൽ റേഷൻ ഷോപ്പുകൾ ഉണ്ട്; എത്ര ഹോൾസെയിൽ ഷോപ്പുകൾ / ഡിപ്പോകൾ ഉണ്ട്;

(ഡി) സപ്ലൈ ഓഫീസിൽ നിന്ന് വിതരണം ചെയ്ത ഉൽപന്നങ്ങൾ പൂർണ്ണമായി റേഷൻ കട വഴി ജനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്ക് റേഷൻ കടകളിൽ നിന്ന് സപ്ലൈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) പ്രത്യേക സ്ക്വാഡുകൾ താലൂക്കിൽ റേഷൻ കടകളിൽ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ താലൂക്ക് കേന്ദ്രങ്ങളിൽ ഗോഡൗണുകൾ</u>

2906 ശ്രീ. ഹൈബി ഈഡൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സപ്ലൈകോ' താലൂക്ക് കേന്ദ്രങ്ങളിൽ ഗോഡൗണുകൾ തുറക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനുള്ള ഭൂമി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സപ്ലൈകോയുടെ അവശ്യവസ്തുക്കളുടെ വിതരണം വേഗത്തിലും സുതാര്യവുമാക്കാനുള്ള പദ്ധതി എപ്രകാരം പ്രയോജനപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ വിലനിലവാരം പത്രങ്ങളിൽ പരസ്യം ചെയ്യുന്ന നടപടി</u>

2907 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വിലനിലവാരം ഇപ്പോൾ പത്രങ്ങളിൽ പരസ്യം ചെയ്യാറുണ്ടോ; എങ്കിൽ ഏതെല്ലാം ദിവസങ്ങളിലാണ് ;

(ബി) 2012 ഡിസംബർ മുതൽ ഏതെല്ലാം ദിവസങ്ങളിലാണ് പത്രപരസ്യം നൽകിയതെന്ന് അറിയിക്കാമോ;

(സി) എല്ലാ മാസവും ഒന്നാം തീയതി പരസ്യം നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റേഷൻകടകളും മാവേലി സ്റ്റോറുകളും</u>

2908 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാവേലി സ്റ്റോറുകളുടെ എണ്ണം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ പുതിയ റേഷൻ കടകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

മൊബൈൽ മാവേലി സ്റ്റോറുകൾ

2909 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ ആദിവാസി പിന്നോക്ക പ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആദിവാസി പ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്കിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി</u>

2910

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി കൊയിലാണ്ടി താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; എവിടെയെല്ലാം മാവേലി സ്റ്റോറുകൾ ആരംഭിക്കാനാണ് അപേക്ഷ ലഭിച്ചത്; വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി താലൂക്കിൽ എവിടെയെല്ലാം പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഏതെല്ലാം?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മൊബൈൽ മാവേലിസ്റ്റോറുകൾ</u>

2911 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി കൂടിവരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മൊബൈൽ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അരി, പയർ, പഞ്ചസാര, പരിപ്പ്, കടല, ഉഴുന്ന്, മുളക് എന്നിവയുടെ 2006-ഏപ്രിൽ/മെയ് മാസങ്ങളിലെ വിലയും 2013 ഫെബ്രുവരി/മാർച്ച് മാസത്തെ വിലയും അന്തരവും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് വെള്ളയിൽ സപ്ലൈകോ ടവർ നിർമ്മിക്കുന്നതിന് പദ്ധതി</u>

2912 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ സപ്ലൈ കോ ടവർ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കണിച്ചാർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ

2913 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മാവേലിസ്റ്റോർ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) എങ്കിൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം സമയബന്ധിതമായി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ</u>

2914 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മാവേലിസ്റ്റോർ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ തുടങ്ങുന്നതിന് എന്താണ് കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>വലിയപറമ്പ് പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി</u>

2915 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ നൽകിയിട്ടും ആയത് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ എന്ന രീതിയിൽ മാവേലി സ്റ്റോർ ഇല്ലാത്ത കേരളത്തിലെ പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ</u>

2916

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും, അവയിൽ ഓരോ കേസിലെയും പ്രതികൾ ആരൊക്കെയാണന്നും, ഓരോ കേസിന്റെയും വിഷയം എന്താണന്നും, ഓരോ കേസിന്റെയും ഇപ്പോഴത്തെ അന്വേഷണ പുരോഗതി എന്താണന്നും വ്യക്തമാക്കുമൊ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജൂനിയർ മാനേജർമാരുടെ എണ്ണം</u>

2917 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അനുവദനീയമായ ജൂനിയർ മാനേജർമാരുടെ തസ്തികകളുടെ എണ്ണം എത്ര;

(ബി) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്ര;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥിരം ജീവനക്കാരായ ജൂനിയർ മാനേജർമാരുടെ എണ്ണം എത്ര;

(ഡി) ഏതൊക്കെ ഓഫീസുകളിലെ ഏതെല്ലാം തസ്തികകളിലാണ് ജൂനിയർ മാനേജർമാരെ നിയമിച്ചിരിക്കുന്നത്;

(ഇ) വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവകുപ്പിലെ സ്ഥലംമാറ്റങ്ങൾ</u>

2918

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.1.2012 മുതൽ 14.3.2013 വരെ ഭക്ഷ്യവകുപ്പിൽ എത്ര സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജനം</u>

2919

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനും, ഡിപ്പാർട്ടുമെന്റും രണ്ടായി വിഭജിക്കുന്നതിലൂടെ അധികമായി വരുന്ന 1295 ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് എവിടെ ലാവണം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഹെൽപ്പർമാരുടെ നിലവിലെ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) ദിവസക്കൂലി ഇനത്തിലും കരാറടിസ്ഥാനത്തിലും സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ് ;

(ഡി) പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം</u>

2920 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്തെ സപ്ലൈകോയിൽ നിന്ന് എത്ര താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കിയെന്നും, പുതുതായി എത്ര താത്ക്കാലിക ജീവനക്കാരെ നിയമിച്ചെന്നും വിശദമാക്കാമോ;

(ബി) ജീവനക്കാരെ പിരിച്ചുവിട്ടതിന്റെയും പുതുതായി എടുത്തതിന്റെയും മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പുതുതായി എടുത്ത ജീവനക്കാർക്ക് വേതനം നൽകുന്നതിനായി പ്രതിമാസം എന്തു തുക ആവശ്യമായി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>നിയമനങ്ങളും സ്ഥലംമാറ്റവും</u>

2921 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിയമനങ്ങളിലും സ്ഥലംമാറ്റങ്ങളിലും വ്യാപകമായ ക്രമക്കേടും കോഴയും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നിയമനത്തിലും സ്ഥലംമാറ്റത്തിനും പിന്നിൽ ഉദ്യോഗസ്ഥരും ചില ഉന്നത ഭരണപക്ഷ രാഷ്ട്രീയ നേതാക്കളുമുൾപ്പെടുന്ന മാഫിയ കൂട്ടുകെട്ടിന്റെ പ്രവർത്തനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം മേഖലാ ഓഫീസിൽ 155 പേരെ സ്ഥലംമാറ്റി പുതിയ ജീവനക്കാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് ഈ മേഖലയിലെ സപ്ലൈകോയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സിവിൽ സപ്ലൈസ് വകുപ്പിൽ നടക്കുന്ന ക്രമക്കേടുകളേയും, നിയമനങ്ങളിലും സ്ഥലംമാറ്റത്തിലുമുള്ള അഴിമതിയേയും സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ജില്ലാ സപ്ലൈ ഓഫീസര്‍, താലൂക്ക് സപ്ലൈ ഓഫീസര്‍ എന്നീ തസ്തികകളില്‍ സ്ഥലംമാറ്റങ്ങള്‍

2922 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 1.1.12 മുതല്‍ 14.3.13 വരെ ഭക്ഷ്യവകുപ്പില്‍ ജില്ലാ സപ്ലൈ ഓഫീസര്‍, താലൂക്ക് സപ്ലൈ ഓഫീസര്‍ എന്നീ തസ്തികകളില്‍ എത്ര സ്ഥലംമാറ്റങ്ങള്‍ നടത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങളുടെ വിശദാംശങ്ങളും ഉത്തരവുകളുടെ പകര്‍പ്പും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നടപടി</u>

2923

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) 2013-2014 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകള്‍</u>

2924 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കണ്‍സ്യൂമര്‍ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകള്‍ ഉണ്ടോ എന്നും എങ്കില്‍ എത്രയെന്നും ഇവ ഓരോന്നും ഏത് തീയതി മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അറിയിക്കാമോ;

(ബി) ഏതെങ്കിലും ജില്ലയില്‍ കാലാവധി കഴിഞ്ഞ പ്രസിഡന്റിനെ തുടരുവാന്‍ അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) കണ്‍സ്യൂമര്‍ ഫോറം മെമ്പര്‍മാരുടെ എത്ര ഒഴിവുകള്‍ ഉണ്ടെന്നും അവ എവിടെയെല്ലാമാണെന്നും എപ്പോള്‍ നികത്തുമെന്നും അറിയിക്കാമോ;

(ഡി) കണ്‍സ്യൂമര്‍ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകള്‍ നികത്താത്തത് എന്തുകൊണ്ടാണെന്നും എപ്പോള്‍ നികത്തുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

രജിസ്ട്രേഷൻ വകുപ്പിന്റെ മൊത്ത വരുമാനം

2925 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.2.2006 മുതൽ 31.3.2011 വരെ കാലയളവിൽ ഭൂമി രജിസ്ട്രേഷൻ ഇനത്തിലും മറ്റിനത്തിലും രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം എത്രയായിരുന്നു; വാർഷികാടിസ്ഥാനത്തിൽ കണക്കുകൾ നൽകാമോ;

(ബി) 1.7.2011 മുതൽ 28.2.2013 വരെ സംസ്ഥാത്ത് എത്ര ആധാരങ്ങൾ രജിസ്റ്റർ ചെയ്തു എന്നതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; അതുവഴി സംസ്ഥാന ഖജനാവിന് എത്ര രൂപയാണ് വരുമാനം ഉണ്ടായത്;

(സി) സംസ്ഥാനത്ത് ഇനിയും ഫെയർവാല്യൂ നിശ്ചയിക്കാത്ത പ്രദേശങ്ങൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) നിശ്ചയിച്ച ഫെയർവാല്യൂ സംബന്ധിച്ച എല്ലാ അപാകതകളും, ആക്ഷേപങ്ങളും പരിഹരിച്ചുവോ; ഇനി അത്തരം ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ തീർപ്പാവാതെ കിടക്കുന്ന കേസ്സുകൾ</u>

2926 ശ്രീ. എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ തീർപ്പാവാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ എന്തെങ്കിലും പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏത് തരം കേസുകളാണ് പദ്ധതിയനുസരിച്ച് തീർപ്പാക്കുന്നത്;

(ഡി) പദ്ധതിയുടെ കാലാവധി എന്നുവരെയാണ്; കാലാവധി നീട്ടുന്നു കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾ</u>

2927 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും, അവയിൽ ഓരോ കേസിലേയും പ്രതികൾ ആരൊക്കെയാണെന്നും ഓരോ കേസിന്റേയും വിഷയം എന്താണെന്നും ഓരോ കേസിന്റേയും ഇപ്പോഴത്തെ അന്വേഷണ പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം</u>

2928

ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വകുപ്പിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ഈ സംവിധാനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഭൂമി രജിസ്ട്രേഷൻ നിബന്ധനകൾ</u>

2929 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദീർഘകാലമായി വൃക്ഷവിളകൾ കൃഷിചെയ്തു വരുന്നതും, എന്നാൽ ഭൂഉടമസ്ഥത സംബന്ധിച്ച പ്രമാണങ്ങളിൽ വയൽ/നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി, കൈമാറ്റ സമയത്ത് പുതിയ പ്രമാണങ്ങളിൽ തരം മാറ്റി രേഖപ്പെടുത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ സ്ഥലം മാറ്റങ്ങൾ</u>

2930 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.1.2012 മുതൽ 15.3.2013 വരെ രജിസ്ട്രേഷൻ വകപ്പിൽ എത്ര സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നും എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവില ഓരോ തസ്തികയിലും എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട് എന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോട്ടുക്കലിൽ സബ് രജിസ്ട്രാർ ഓഫീസ്</u>

2931 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടുക്കലിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

2932 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു സംബന്ധിച്ച ഫയലിൽ (5116/ഇ3/2012/നി.വ) എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

പൊന്നാനി സബ് രജിസ്ട്രാർ ഓഫീസിലെ ശോചനീയാവസ്ഥ

2933

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സബ് രജിസ്ട്രാർ ഓഫീസ് പൊന്നാനി കോടതിയോട് ചേർന്ന, ബ്രിട്ടീഷുകാർ നിർമ്മിച്ച പുരാതന കെട്ടിടത്തിലെ മുകൾ തട്ടിൽ 200 ചതുരശ്ര അടിയിൽ താഴെയുള്ള ചായ്പു മുറിയിൽ പ്രവർത്തിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഒന്നര ലക്ഷത്തിലധികം ആളുകൾ ആശ്രയിക്കുന്ന പ്രസ്തുത ഓഫീസ് സ്ഥലപരിമിതി കാരണം ജീവനക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സിവിൽ സ്റ്റേഷൻ കോംപൗണ്ടിലുള്ള റവന്യു ഭൂമിയിൽ എസ്. ആർ. ഒ. ഓഫീസ് പണിയുന്നതിന് നടപടി സ്വീകരിക്കാമോ ;

(ഡി) ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കേളകം ആസ്ഥാനമായി സബ്രജിസ്ട്രാര്‍ ഓഫീസ്</u>

2934 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കേളകം ആസ്ഥാനമായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച സബ് രജിസ്ട്രാര്‍ ഓഫീസ് പ്രവര്‍ത്തനം ആരംഭിക്കുന്നത് വൈകാന്‍ കാരണമെന്താണ് ;

(ബി) സമയബന്ധിതമായി സബ് രജിസ്ട്രാര്‍ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?